ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കുട്ടിയമ്മ തോമസ് തന്നെ അങ്ങേക്ക് നൽകിയ പരാതിയിൽ, സി.പി.എം.ലെ ആളുകളാണ് കൂടുതലും രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നു പറഞ്ഞിട്ടുണ്ട്. അത് ഈ സഭയിൽ ഉന്നയിക്കാൻ എനിക്ക് അവകാശമുണ്ട്. എല്ലാ ദിനപ്പത്രങ്ങളിലും അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഈ സംഘങ്ങൾ വഴി പണം തട്ടിപ്പു നടത്താൻ അനുവദിക്കരുത്. വായ്പകൾ നിർത്തിവച്ച്, ഇതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ചെറുകിട കർഷകരേയും കർഷകത്തൊഴിലാളികളെയും സ്വന്തമായി കൃഷി ചെയ്യാൻ സൗകര്യമില്ലാത്ത ഭൂവുടമകളേയും കാർഷികവൃത്തിയിൽ താൽപ്പര്യമുള്ള മറ്റ് ഗ്രാമീണ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തി നിശ്ചിത പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സ്വാശ്രയ ഗ്രൂപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നാമമാത്രകർഷകർ, കൃഷിഭൂമി ഉടമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, കാർഷികവൃത്തിയിൽ താൽപര്യമുള്ളവർ, ട്രൈബൽ തുടങ്ങിയ ജനവിഭാഗങ്ങളെ ചെറിയ ചെറിയ ഗ്രൂപ്പുകളായി അവർക്ക് കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പദ്ധതി സഹായം വ്യക്തികൾക്കല്ല, ഗ്രൂപ്പുകൾക്കാണ്. പാലക്കാട് ജില്ലയിൽ 1998-99 വർഷത്തിൽ ഈ പദ്ധതി ആരംഭിച്ചു. അട്ടപ്പാടി പ്രദേശത്ത് സഹകരണബാങ്കുകൾ നിലവിലില്ലാത്തതിനാൽ ഈ പ്രദേശത്ത് സഹകരണ നിയമത്തിലെ വകുപ്പ്-51, ഉപവകുപ്പ് 1 പ്രകാരം ഉള്ള അനുവാദം വാങ്ങി പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തന്നെ ഗ്രൂപ്പുകാർക്ക് നേരിട്ട് വായ്പ നൽകി. ഇതിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെയില്ല. ആകെ നൽകിയ വായ്പ 71.84 ലക്ഷം രൂപ മാത്രമാണ്. എല്ലാ സ്വാശ്രയ ഗ്രൂപ്പുകളും നന്നായി പ്രവർത്തിച്ചുവരുന്നു എന്നാണ് കിട്ടിയ വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പരാതിയെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായി അന്വേഷിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

മി. സ്പീക്കർ : ഇന്നലെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉന്നയിച്ച പ്ലസ്ടു വിനെ സംബന്ധിച്ച കാര്യം തന്നെയാണ് ശ്രീ. നാലകത്ത് സൂപ്പി ഇന്ന് എഴുതിത്തന്നിരിക്കുന്നത്. വാസ്തവത്തിൽ അത് സ്വീകരിക്കാൻ പാടുള്ളതല്ല. ഇന്ന് അതിനെപ്പറ്റിയുള്ള സമരം ആയതുകൊണ്ടാണ് ഞാൻ സ്വീകരിച്ചത്. ഞാൻ മന്ത്രിക്ക് ഇന്ന് രാവിലെ കൊടുത്തു. ആ കാര്യം ഇന്നലെ ഇവിടെ വിശദമായി ചർച്ചചെയ്ത വിഷയമാണ്.....(ബഹളം)..... ഇത് ശരിയായ രീതിയല്ല. .....(ബഹളം).....

V. മേശപ്പുറത്തുവച്ച കടലാസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly